ഉത്തരം

(എ-സി) പ്രമുഖ ടൂർ ഓപ്പറേറ്റർമാർ, പത്രപ്രവർത്തകർ, മറ്റു ദൃശ്യ-ശ്രാവ്യ മാധ്യമ പ്രവർത്തകർ, കേരളത്തിലെ ടൂറിസം പ്രചാരണത്തിനും കെ.റ്റി.ഡി.സി ബിസിനസ് പുരോഗതിക്കും സഹായകരമാകുന്നവർ തുടങ്ങിയവർക്ക് കെ.റ്റി.ഡി.സി.-യും ടൂറിസം വകുപ്പും സൗജന്യങ്ങൾ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

164 (1099) ആറാട്ടുപുഴ ഉത്സവം

ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടുന്ന പ്രശസ്തമായ "ആറാട്ടുപുഴ" ഉത്സവത്തിന് ആഗോളതലത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സംസ്ഥാന ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) വിദേശ ടൂറിസ്റ്റുകളും അഭ്യന്തര ടൂറിസ്റ്റുകളും ഇവിടെ ഉത്സവത്തിന് എത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രശസ്തമായ ഈ മേളയുടെ പ്രധാന്യം വിശദമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഒരു വീഡിയോ ഫിലിം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഉത്സവത്തിന് സംസ്ഥാന സർക്കാർ നൽകിവരുന്ന സാമ്പത്തികസഹായം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ്, ലഘുലേഖകൻ എന്നിവയിലൂടെ ആറാട്ടുപുഴ പൂരത്തിന് ആവശ്യമായ പ്രചരണം നൽകിവരുന്നു.

(ബി) കേരളത്തിലെ ഉത്സവങ്ങളുടേതു മാത്രമായ ഒരു ബ്രോഷർ/കലണ്ടർ തയ്യാറാക്കി, ആയതിൽ ആറാട്ടുപുഴ പൂരം ഉൾപ്പെടുത്തി ആവശ്യമായ പ്രചരണം രാജ്യത്തിനകത്തും പുറത്തും നൽകുന്നുണ്ട്.

(സി) ഇപ്പോൾ ആലോചനയിലില്ല.

(ഡി) കഴിഞ്ഞവർഷം ആറാട്ടുപുഴ പൂരത്തിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി.

വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരുടെ വിദേശയാത്ര

165 (1100) ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാരവകുപ്പിലേയും കെ. ടി. ഡി. സി. യിലേയും ഏതെല്ലാം ഉദ്യോഗസ്ഥന്മാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly